# ഒരേ തിയതിയുള്ള 3 ദിവസങ്ങളോ ???
# ചിന്തിക്കുന്നില്ലേ !!!

പ്രപഞ്ചം സൃഷ്ടിച്ച നാൾ മുതൽ ദൈവം കാലനിർണ്ണയത്തിനായി സംവിധാനിച്ചത് ചന്ദ്രനെയാണ്. അതാണ് കൃത്യതയാർന്ന രീതി.

എന്നാൽ ഇന്ന് മുസ്‌ലിം ലോകം 'ചന്ദ്രമാസം ***അക്ഷരങ്ങളിൽ***' സ്വീകരിച്ചത് മൂലം സംഭവിക്കുന്നതെന്ത്?

**20 ജൂലായ് 2012 വെള്ളി റമദാൻ 1 സൌദി അറേബ്യ**

**21 ജൂലായ് 2012 ശനി റമദാൻ 1 കേരളം**

**22 ജൂലായ് 2012 ഞായർ റമദാൻ 1 മുംബായ്**

**റമദാൻ 1 എന്ന ഒരു തിയതിയുള്ള 3 ദിവസങ്ങൾ !!!!**

20 ജൂലായ് 2012 എന്ന തിയതിയാണ് വെള്ളി, ശനി, ഞായർ എന്നീ 3 ദിവസങ്ങൾക്കെന്ന് കേട്ടാൽ 'വിഡ്ഡിത്വം' എന്ന് നിസ്സംശയം പറയുന്നവർ തന്നെ; മറുവശത്ത് റമദാൻ 1 എന്ന തിയതി വെള്ളി, ശനി, ഞായർ എന്നീ 3 ദിവസങ്ങൾക്കെന്ന് കേൾക്കുമ്പോൾ കണ്ണടച്ച് അംഗീകരിക്കുന്നു.!!!.

**ഒരു ദിവസത്തിന് ഒരു തിയതി. ഒരു തിയതിയുള്ള ഒരു ദിവസം മാത്രം.** എന്തുകൊണ്ട് ഈ പ്രാഥമിക വിവരം പോലും മുസ്‌ലിം സമൂഹത്തിന് ഇല്ലാതെ പോകുന്നു ?????

ഒരു വെള്ളിയാഴ്ച ദിവസം പെരുന്നാൾ ഉണ്ടായി എന്ന് കരുതുക. അന്ന് പെരുന്നാൾ നമസ്കാരവും ജുമുഅയും ഉണ്ടായിരിക്കും. ഭൂമി ഉരുണ്ടതായിരിക്കെ തന്നെ, ലോകം മുഴുവനും വെള്ളിയാഴ്ച എന്ന ഒരു ദിവസത്തിൽ ജുമുഅ നിർവ്വഹിക്കപ്പെടുന്നു. ശ്രദ്ധിക്കുക : ഒരേ സമയത്തിൽ അല്ല, ഒരേ ദിവസത്തിൽ. എന്നാൽ അതേ ദിവസത്തിലെ മറ്റൊരു അനുഷ്ഠാനമായ പെരുന്നാൾ, ഭൂമി ഉരുണ്ടതാണ് എന്ന കാരണത്താൽ, പല ദിവസങ്ങളിൽ ആചരിക്കുന്നു. വെള്ളിയാഴ്ച എന്ന ഒരു ദിവസത്തിൽ ലോകം മുഴുവനും ജുമുഅ നിർവ്വഹിച്ചപ്പോൾ ഭൂമി ഉരുണ്ടതായിരുന്നില്ലേ ????

'താങ്കളോട് **'അഹില്ല'** യെ പറ്റി അവർ ചോദിക്കുന്നു.....' വിശുദ്ധ ഖുർആൻ (അൽ ബഖറ 2: 189 )

' സൂര്യനെ ഒരു പ്രകാശമാക്കിയത് അവനാകുന്നു. ചന്ദ്രനെ അവനൊരു ശോഭയാക്കുകയും, അതിന് **'മനാസിൽ'** നിർണയിക്കുകയും ചെയ്തിരി

ക്കുന്നു. നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുന്നതിന് വേണ്ടി. ‘ (യൂനുസ് 10: 5)

**എന്താണ് അഹില്ലയും മനാസിലും ? അന്വേഷിക്കുക.**

'ഹിലാൽ' എന്ന് ഖുർആൻ ഉപയോഗിച്ചിട്ടില്ല. മറിച്ച് മാസം മുഴുവൻ നീണ്ട് നിൽക്കുന്ന 'അഹില്ല' നിരീക്ഷണം ആണ് ഖുർആൻ പഠിപ്പിക്കുന്നത്.

ഭൂമിയിൽ നിന്ന് ചന്ദ്രൻ മറയപ്പെടുന്ന ഒരു ദിവസം, ഓരോ മാസത്തിലും ഉണ്ടായിരിക്കും. ആ ദിവസത്തെ 'അമാവാസി' എന്ന് വിളിക്കപ്പെടുന്നു. വൈരുദ്ധ്യമെന്ന് പറയട്ടെ, മുസ്‌ലിംകൾ മാസം അറിയാനായി ചന്ദ്രനെ നോക്കുന്നതും, ഖാദിമാർ നോക്കാൻ ആവശ്യപ്പെടുന്നതും അതേ അമാവാസി ദിവസത്തിലാണ്. അമാവാസി ദിവസത്തിൽ പോലും ചന്ദ്രനെ കാണാൻ ഇവർക്കൊക്കെ കഴിയുന്നുണ്ടെങ്കിൽ, **പിന്നെ ഏത് ദിവസമാണ് ഇവരുടെയൊക്കെ അഭിപ്രായത്തിൽ ചന്ദ്രനെ കാണാൻ കഴിയാതിരിക്കുക** അഥവാ അമാവാസി ?? അല്ല, അമാവാസി എന്ന ഒരു ദിവസം തന്നെ ഇല്ലേ???

മറ്റൊന്ന്, **ചന്ദ്രൻ ഉദിക്കുന്നത് കിഴക്കോ; അല്ല പടിഞ്ഞാറോ?** 12 മണിക്കൂർ മുമ്പ് കിഴക്ക് ഉദിച്ച്, പടിഞ്ഞാറ് അസ്തമിച്ചു കൊണ്ടിരിക്കുന്ന ചന്ദ്രനെ കണ്ട് 'നിലാവ്' ഉദിച്ചു എന്ന് ആളുകൾ പറയുമ്പോൾ നാമും അത് ഏറ്റ് ചൊല്ലണമോ??

ചിന്തിക്കുക.

ഏകീകൃത ഇസ്‌ലാമിക കലണ്ടർ വേണ്ടതല്ലേ ??? ഒരു ദിവസം നടക്കേണ്ട ആഘോഷം പല ദിവസങ്ങളിലായി 'പ്രവചനാതീതമായി' നടന്നു വരുന്നത്, ഇനിയും തുടരണമെന്നാണോ നിങ്ങൾക്ക് തോന്നുന്നത്?

ഏകീകൃത ഇസ്‌ലാമിക കലണ്ടർ ആണ് ഹിജ്റി കമ്മറ്റിയുടെ പ്രവർത്തന ദൌത്യം. അടുത്തറിയാൻ ശ്രമിക്കുക.

---

## ഈദ്ഗാഹ്

**1433 ശവ്വാൽ ഒന്ന് ശനി (18-8-2012) 8 a. m.**

**മുനിസിപ്പൽ ടൗൺ ഹാൾ, ആലുവ.;**

**കോർപ്പറേഷൻ ടൗൺഹാൾ എറണാകുളം.**

**Visit : http://islamic-month.blogspot.in ; www.hijracalendar.in**

**www.facebook.com/islamicmonth**

**ഹിജ്രി കമ്മറ്റി, എറണാകുളം, 9961839685, 9947100011**

(26 Ramadan 1433, 14 AUG 2012)